**കിം ഭദ്രം കിമഭദ്രം വാ ദ്വൈതസ്യാവസ്തു ന: കിയത്**
**വാചോദിതം തദനൃതം മനസാ ധ്യാതമേവ ച (11-28-4)**
**യോഗധാരണയാ കാംശ്ചിദാസനൈർദ്ധാരണാന്വിതൈ:**
**തപോമന്ത്രൌഷധൈ: കാംശ്ചി ദുപസർഗ്ഗാൻ വിനിർദ്ദഹേത് (11-28-39)**
**കാംശ്ചിൻമമാനുധ്യാനേന നാമസങ്കീർത്തനാദിഭി:**
**യോഗേശ്വരാനുവൃത്ത്യാ വാ ഹന്യാദശുഭദാൻ ശനൈ: (11-28-40)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
അറിവുള്ളവൻ, ഏകത്വം മാത്രമാണ് പരമസത്യം എന്നറിയാവുന്നതുകൊണ്ട് ലോകത്തുള്ള യാതൊന്നിനേയും പുകഴ്ത്തുകയോ, ഇകഴ്ത്തുകയോ ഇല്ല. നാനാത്വം എന്നത് ജീവൻെറ സുഷുപ്തിയായ അജ്ഞാനത്തിൻെറ സന്തതിയത്രെ. അതൊരു നീണ്ട സ്വപ്നം. കാര്യങ്ങൾ അങ്ങിനെയായിരിക്കെ എന്താണ് നൻമ? എന്താണ് തിൻമ? ‘‘എന്തെല്ലാം വാക്കുകൾ കൊണ്ട് വിവരിക്കാമോ, എന്തെല്ലാം മനസ്സിൽ ആലോചിക്കാമോ, അതെല്ലാം അസത്യമത്രെ.’’

*ഉദ്ധവർ ചോദിച്ചു:* ഭഗവാനേ, ശരിരമെടുക്കുന്ന സത്ത എന്ത്?

*ഭഗവാൻ കൃഷ്ണൻ അരുളി:* ഉറങ്ങിക്കിടക്കുന്ന ജീവാത്മാവ് ഈ വൈവിദ്ധ്യമാർന്ന ലോകത്തെ സ്വപ്നം കാണുന്നിടത്തോളവും, ഇന്ദ്രിയങ്ങളുമായും ഇന്ദ്രിയവസ്തുക്കളുമായും ഇടപഴകുന്ന കാലത്തോളവും വിഘ്നങ്ങളെ മനസ്സായും അതിൻെറ മാറ്റങ്ങളായും ബന്ധമുണ്ടാക്കുന്ന കാലത്തോളവും, ഒരു ശരീരത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറിമാറിപോകുന്നതായി അത് സ്വപ്നം തുടർന്നുകൊണ്ടേയിരിക്കും. ശരീരമായും, ഇന്ദ്രിയങ്ങളുമായും, ജിവശക്തിയുമായും, മനസ്സുമായും താദാത്മ്യം പ്രാപിക്കുന്ന അന്തരാത്മാവിനെ ജീവൻ എന്നു പറയുന്നു. അജ്ഞാനാവസ്ഥയിൽ, ഈ ജീവനാണ് ദു:ഖമനുഭവിക്കുന്നതായി തോന്നുന്നത്. വാസ്തവത്തിൽ ജീവനെ ദു:ഖം ബാധിക്കുന്നില്ല. വിവേകമുദിക്കുമ്പോൾ അതിൻെറ വെളിച്ചത്തിൽ ഒരുവൻ, തൻെറ ശരീരവും, ലോകംതന്നെയും മാറ്റങ്ങൾക്കു വിധേയമാകുന്നതിൽ ആത്മാവിന് യാതൊരു പങ്കുമില്ലെന്നും മനസ്സിലാക്കുന്നു. അതോടെ ബന്ധമുക്തനായി, വ്യാമോഹരഹിതനായി എല്ലാ ആർത്തികൾക്കും ദു:ഖങ്ങൾക്കും അതീതനായി ലോകത്ത് അലഞ്ഞുതിരിയാൻ അയാൾക്കു കഴിയും. ദ്വൈതഭാവത്തിന് നിലനിൽപ്പില്ല തന്നെ. സൃഷ്ടിക്കുമുൻപ് ഞാൻ മാത്രമേയുണ്ടായിരുന്നുള്ളു. സംഹാരത്തിനു ശേഷവും ഞാൻ മാത്രം. അതിനാൽ എന്തെന്തു രൂപഭാവങ്ങളിലാലോചിച്ചാലും ഞാൻ മാത്രമേ ഇപ്പോഴും നിലനിൽക്കുന്നുള്ളു. സ്വർണ്ണം എപ്പോഴും സ്വർണ്ണം തന്നെ. ഏതെല്ലാം രൂപങ്ങളിലുള്ള ആഭരണങ്ങളുടെ രൂപമെടുത്താലും സ്വർണ്ണം ഒന്നു തന്നെ. അതുകൊണ്ട് ഈ ദ്വൈതഭാവത്തിൻെറ മൂടൽമഞ്ഞിനുപരി മുകളിലുയർന്ന് ആത്മജ്ഞാനപ്രകാശത്തിൽ മുങ്ങാൻ വിവേകബുദ്ധി വളർത്തിയെടുക്കുക. അതുണ്ടാകുംവരെ വ്യാമോഹത്തിനടിപ്പെട്ട ജീവൻ പുതിയ ശരീരങ്ങളെടുത്തു കൊണ്ടേയിരിക്കും. ആത്മസാക്ഷാത്ക്കാരം എന്ന പരിപൂർണ്ണത എത്തിയാലല്ലാതെ മറ്റൊന്നും മോക്ഷദായകമല്ല. അതുണ്ടാവുംവരെ വൈവിദ്ധ്യ ഭാവസന്തതികളായ കാമവും ആർത്തിയും വീണ്ടുംവീണ്ടും ആവർത്തിച്ചു കൊണ്ടേയിരിക്കും. ശരിയായി ചികിൽസിക്കാത്ത അസുഖം പോലെ. ‘‘പരിപൂർണ്ണ തയിലെത്താൻ പരിശ്രമിക്കുന്ന യോഗിക്ക് പാതയിൽ തടസ്സങ്ങൾ നേരിട്ടാൽ അവയെ തരണം ചെയ്യണം. ധ്യാനം കൊണ്ട്, അല്ലെങ്കിൽ യോഗാഭ്യാസങ്ങൾ കൊണ്ട്, തപശ്ചര്യകൾ കൊണ്ട്, പച്ചമരുന്നുകൾ കൊണ്ട്, മന്ത്രജപംകൊണ്ട്, പൂജാദികളും എന്നെക്കുറിച്ചുള്ള അപദാന കീർത്തനങ്ങൾ കൊണ്ട്, അതുമല്ലെങ്കിൽ മഹാ‌യോഗികളെ ഭക്തിപുരസ്സരം സേവിച്ച് വിഘ്നങ്ങളെ തരണം ചെയ്യണം.’’ യോഗമഭ്യസിക്കുന്നവൻ എൻെറ കൃപയാൽ വിഘ്നങ്ങളാൽ കഷ്ടപ്പെടാനിടവരികയില്ല. അയാൾ താമസംവിനാ ഈശ്വരസാക്ഷാത്കാരം പൂകുന്നു.

*പരിപൂർണ്ണതയിൽ താഴെ - ആത്മസാക്ഷാത്കാരമെന്യേ യാതൊന്നിനും നമ്മെ മോചിപ്പിക്കാനാവില്ല. അതുവരെ ആർത്തിയും കാമവും വൈവിദ്ധ്യബോധത്തിൻെറ സന്തതികളായി ആവർത്തിച്ചുകൊണ്ടേയിരിക്കും.*